ശ്രീ. എൻ. കണ്ണരാമൻ: മിസ്സിസ്സ് ബെറിയുമായി സംസാരിച്ചപ്പോൾ ചിക്കാഗോയിൽ ദന്തസാമാനങ്ങൾക്ക് ധാരാളം ചിലവുണ്ടെന്നാണ് അവർ പറഞ്ഞത്.

പൊതുമന്ദിരം

*൧൦൩൫. (൩൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഒരു പ്രധാനകേന്ദ്രമായ നെയ്യാറിൻകര താലൂക്കിൽ ചേന്നവെങ്ങാന്തരിൽ ഹരിജനങ്ങളുടെ സാമൂഹികസഹായത്തിനു് ഒരു പൊതുമന്ദിരം പണികഴിപ്പിച്ചു് സഹായിക്കാൻ വേണ്ട നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ എടുത്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇക്കൊല്ലം എവിടെയെങ്കിലും പൊതുമന്ദിരങ്ങൾ സ്ഥാപിക്കാൻ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതു നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

പൊതുസ്ഥാപനം

*൧൦൩൭. (൩൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം താലൂക്കിൽ പെരുനാട് പകുതിയിലെ ഹരിജനങ്ങളുടെ പൊതുഉപയോഗത്തിനു് പെരുനാട് ചേരിയിൽ ഒരു പൊതുമന്ദിരം സ്ഥാപിച്ചു് സഹായിക്കാൻ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തു നടപടികൾ കൈക്കൊണ്ടു;

(സി) ഇതിലേക്കു് ആവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കിട്ടിയിട്ടുണ്ട്.

(ബി) പുതുതായി പൊതുമന്ദിരങ്ങൾ പണിയുമ്പോൾ പെരിനാടിന്റെ കാര്യവും ആലോചിക്കുന്നതാണ്.

(സി) ഉണ്ട്. പൊതുമന്ദിരം പണിയേണ്ട സ്ഥലത്തെപ്പറ്റി വേണ്ട അന്വേഷണം നടത്തിവരുന്നു.

ജലസേചനസൗകര്യം

*൧൦൪൦. (൩൯) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വേനൽ നിമിത്തം സാധാരണയായി നെൽകൃഷി നാശം ഉണ്ടായിക്കൊണ്ടിരിക്കുന്നതും, തിരുവല്ലാ താലൂക്കിൽ ചേന്നുമായ, കോയിപ്രം,

LIBRARY ARCHIVES Kerala Legislative Assembly